## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾ വഴിയായി ദുർബലവിഭാഗക്കാർക്ക് 1996ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാകുടിശിക എഴുതി തള്ളി പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിന് അനുമതി നൽകിയ ഉത്തരവിൽ തൃശൂർ വികസന അതോറിറ്റിയുടെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്).70/2010/തസ്വഭവ. തിരുവനന്തപുരം, തീയ്യതി 12/4/2010

---

പരാമർശം: 1. സ.ഉ(എം.എസ്)നം.222/09/തസ്വഭവ, തീയതി. 21/11/2009.
2. തൃശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 2/12/2009, 5/2/2010 എന്നീ തീയതികളിലെ ഡി.ഡബ്ളിയു 1/എ6/560/00 നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾ വഴിയായി ദുർബലവിഭാഗക്കാർക്ക് 1996ന് മുൻപ് ഇ.ഡബ്ളിയു.എസ് വിഭാഗത്തിൽപ്പെടുത്തി അനുവദിച്ച ഭവന നിർമ്മാണ വായ്പാകുടിശിക എഴുതി തള്ളി പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ തൃശൂർ വികസന അതോറിറ്റിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ തൃശൂർ വികസന അതോറിറ്റിയിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരുന്നില്ല എന്നാൽ പരാമർശം രണ്ട് പ്രകാരം തൃശൂർ കോർപ്പറേഷൻ സെക്രട്ടറി നിർത്തലാക്കിയ തൃശൂർ വികസന അതോറിറ്റിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുകയും 1996 നു മുൻപ് അനുവദിച്ചിരുന്ന ഭവന നിർമ്മാണ വായ്പാ കുടിശ്ശികയായ (മുതൽ, പലിശ, പിഴപ്പലിശ, ഉൾപ്പെടെ) 9,45,398/- (ഒൻപത് ലക്ഷത്തി നാൽപത്തിഅയ്യായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) എഴുതി തള്ളുന്നതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക നാലിന് ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാപനങ്ങളോടൊപ്പം നിർത്തലാക്കപ്പെട്ട തൃശൂർ വികസന അതോറിറ്റിയിൽ നിന്നും ദുർബല വിഭാഗങ്ങൾക്ക് 1996 ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാ കുടിശ്ശിക സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ കൂടി

ഉൾപ്പെടുത്തി പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | പലിശ | മുതൽ | പിഴപ്പലിശ | 30/9/2009 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| തൃശൂർ കോർപ്പറേഷൻ | 2,75,644/- | 2,05,763/- | 4,63,991/- | 9,45,398/- രൂപ |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.ശ്യാമള
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം.
സെക്രട്ടറി, തൃശൂർ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
ഐ&പി.ആർ വകുപ്പിന് ( പത്ര മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ പാങ്ങപ്പാറ തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടട്ടറിയുടെ പിഎയ്ക്ക്.
സെക്രട്ടറിയുടെ പി.എയ്ക്ക്
സ.ഉ(എം.എസ്)222/09/തസ്വഭവ, തീയതി.21/11/2009യുടെ തീർപ്പുഫയലിൽ.